കാസർഗോഡ് ജില്ലയിൽ ബിറ്റുമിൻ ലഭ്യതക്കുറവ്

373 (1431) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പി. ഡബ്ല്യു. ഡി. റോഡു പണികൾ ബിറ്റുമിൻ ലഭിക്കാത്തതു കാരണം തടസ്സപ്പെട്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ബിറ്റുമിൻ കിട്ടാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി എത്രയും വേഗം ബിറ്റുമിൻ അനുവദിച്ച് കുഴിയടക്കൽ അടക്കമുള്ള പ്രവൃത്തികൾ ചെയ്തു തീർക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി.പി.സി.എൻ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്)-ൽ നിന്നും ബിറ്റുമിൻ വാങ്ങിയ ഇനത്തിൽ നൽകാനുള്ള തുക കുടിശ്ശികയുള്ളതിനാൽ ബിറ്റുമിൻ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്.

(സി) ബിറ്റുമിൻ ലഭിക്കുന്ന മുറയ്ക്ക് കുഴിയടയ്ക്കൽ അടക്കമുള്ള പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്.

കൊയിലാണ്ടി മണ്ഡലത്തിലെ പാലങ്ങൾ

374 (1432) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയുള്ള ഉള്ളൂർകടവ് പാലത്തിന്റെ പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് എന്നത് വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യത്തിൽ എന്ത് നടപടികൾ ആവും എന്ന് വിശദമാക്കാമോ;

(സി) കൊയിലാണ്ടി - പേരാമ്പ്ര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മറ്റൊരു പ്രധാന പദ്ധതിയായ അകലാപുഴ പാലം നിർമ്മിക്കുന്നതിലേക്ക് സർക്കാർ ഫണ്ട് ലഭ്യമാവുന്നതിന് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ നടപടികൾ എത്രമാത്രം പുരോഗമിച്ചു എന്നത് വിശദമാക്കാമോ;

(ഡി) തോരായികടവ് പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷന് തുക അനുവദിക്കുന്നതിന് തിരുവനന്തപുരത്ത് മന്ത്രിതല യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് എത്ര തുക വകയിരുത്തി യെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി 21-7-2014-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) അലൈൻമെന്റ് 8-8-2014 -ന് അംഗീകരിച്ചിട്ടുണ്ട്.

(സി) അകലാപ്പുഴ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) 7,80,000 രൂപ ഇൻവെസ്റ്റിഗേഷന് വേണ്ടി വകയിരുത്തിയിട്ടുണ്ട്.

പുലാമന്തോൾ പാലത്തിന്റെ നിർമ്മാണച്ചെലവ്

375 (1433) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി-പെരിന്തൽമണ്ണ റോഡിൽ പുലാമന്തോൾ പാലം തകർന്നതിനെത്തുടർന്ന് നിർമ്മിച്ച പാലത്തിന് ചെലവായ തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; അനേകം വർഷമായി പ്രസ്തുത പാലത്തിനുവേണ്ടി നടത്തുന്ന ടോൾ പിരിവു അവസാനിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

ആർ.ബി.ഡി.സി.കെ. നിർമ്മിച്ച പുലാമന്തോൾ പാലം നിർമ്മാണത്തിന് ആകെ ചെലവായ തുക 347.34 ലക്ഷം രൂപയാണ്. 2004-ൽ ആണ് ടോൾ പിരിവ് തുടങ്ങിയത് കരാർപ്രകാരം 2020 വരെയാണ് ടോൾ കാലാവധി.

മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ

376 (1434) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;